# പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സി.എം.എസ്.എൽ.പി സ്കൂൾ മൈലത്തടിക്കൽ

School code : 32322


BRC : കാഞ്ഞിരപ്പള്ളി

ജില്ല : കോട്ടയം

Scanned with OKEN Scanner

Scanned with OKEN Scanner

CMS LPS MYLATHADICKAL



# ഉള്ളടക്കം

* ആമുഖം
* സ്കൂൾ അടിസ്ഥാന വിവരങ്ങൾ
* കുട്ടികളുടെ എണ്ണം
* അദ്ധ്യാപകരുടെ വിവരങ്ങൾ
* പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം
* പ്രതിസന്ധികൾ / പരിമിതികൾ
* അക്കാദമിക പ്രവർത്തനങ്ങൾ

  (ഹ്രസ്വകാലം, മധ്യകാലം, ദീർഘകാലം)

  [ഭാഷ, ഗണിതം, EVS, ഇംഗ്ലീഷ്]
* കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികപരവും ആയ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
* വിലയിരുത്തൽ
* അക്കാദമിക നേട്ടങ്ങൾ
* വിഭവ സമാഹരണ മാർഗങ്ങൾ
* ശുചിത്വം
* മാലിന്യ നിർമാർജ്ജനം
* ക്ലാസ് PTA
* ഭൗതിക ആവശ്യങ്ങൾ
* അടുത്ത അഞ്ച് വർഷം കൊണ്ട് നേടാൻ ഉദ്ദേശിക്കുന്ന ഭൗതിക കാര്യങ്ങൾ
* അടുത്ത അഞ്ച് വർഷം കൊണ്ട് നേടാൻ ഉദ്ദേശിക്കുന്ന അക്കാദമിക കാര്യങ്ങൾ

Scanned with OKEN Scanner

# ആമുഖം

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മുണ്ടക്കയം പഞ്ചായത്തിൽ 31-ാം വാർഡിലാണ് വെള്ളനാടിയിൽ സി.എം.എസ് എൽ.പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. 1921-ൽ സി.എം.എസ് മിഷനറിമാരാൽ സ്ഥാപിതമായ വിദ്യാലയമാണിത്. ചണ്ണങ്ങാട് പാലത്തിനടുത്തുള്ള കൊട്ടിത്തോട്ടം പറമ്പിലാണ് സ്കൂൾ ആരംഭിച്ചത്. 1951-ൽ മുണ്ടക്കയം എസ്റ്റേറ്റിന്റെ ഉടമയായിരുന്ന ശ്രീ എ.വി ജോർജ്ജ് സൗജന്യമായി നൽകിയ 50 സെന്റ് സ്ഥലത്ത് ഈ സ്കൂൾ മാറ്റിസ്ഥാപിച്ചു.

31-ാം വാർഡ്, ചിറ്റടി, കൈപ്പള്ളി, മുണ്ടക്കയം തുടങ്ങിയ പ്രദേശങ്ങളിലെ ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് അറിവിന്റെ വെളിച്ചം പകർന്നു നൽകുവാൻ ഈ സ്ഥാപനത്തിനു കഴിഞ്ഞു. പൂർവ്വ വിദ്യാർത്ഥികൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉന്നതമായ സ്ഥാനങ്ങൾ അലങ്കരിക്കുന്നു.

ഇന്ന് ഈ സ്കൂൾ സി.എസ്.ഐ മധ്യകേരള മഹായിടവക കോർപ്പറേറ്റ് മാനേജരുടെ കീഴിൽ പ്രവർത്തിക്കുന്നു. ഇപ്പോൾ ഈ വിദ്യാലയത്തിൽ LKG, UKG എന്നീ ക്ലാസുകളിൽ 8 കുട്ടികളും I - IV വരെ ക്ലാസുകളിലായി 18 കുട്ടികളും പഠിക്കുന്നു. 31-ാം വാർഡ്, കരിനിലം, പ്രാമ്പി, ചിറ്റടി എന്നീ സ്ഥലങ്ങളിൽ നിന്നും വരുന്ന കുട്ടികൾ ഇവിടെ പഠിക്കുന്നു.



Scanned with OKEN Scanner

# സ്കൂൾ - അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : സി. എം. എസ് എൽ. പി. എസ് മൈലത്തടി, മുക്കൂട്ടുതറ

സ്ഥിതിചെയ്യുന്ന ജില്ല : കോട്ടയം

വിദ്യാഭ്യാസ ജില്ല : കാഞ്ഞിരപ്പള്ളി

താലൂക്ക് : കാഞ്ഞിരപ്പള്ളി

പഞ്ചായത്ത് : മുണ്ടക്കയം

വാർഡ് : 20

ഹെഡ്മിസ്ട്രസിന്റെ പേര് : ബെൻസി ജോസഫ്

മൊബൈൽ നമ്പർ : 9946411773



Scanned with OKEN Scanner

2024- 2025 അക്കാദമിക വർഷത്തിൽ വിദ്യാലയത്തിലെ വിവിധ ക്ലാസുകളിലെ കുട്ടികളുടെ എണ്ണം

| വിഭാഗം | Std I | | Std II | | Std III | | Std IV | | |
|---|---|---|---|---|---|---|---|---|---|
| | Boy | Girl | Boy | Girl | Boy | Girl | Boy | Girl | Total |
| കുട്ടികളുടെ എണ്ണം | 1 | 3 | 2 | 1 | 1 | 5 | 4 | 1 | |
| ആകെ | 4 | | 3 | | 6 | | 5 | | 18 |

പ്രീ പ്രൈമറി - 8

Scanned with OKEN Scanner

# പൊതുലക്ഷ്യങ്ങൾ

1) സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിക്കുക

2) എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഭാഷകൾ സംസാരിക്കാനും, എഴുതാനും, വായിക്കുവാനും ഉള്ള കഴിവ് ഉറപ്പു വരുത്തുക

3) കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവും ആയ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ, അന്തർദ്ദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുവാൻ പ്രാപ്തരാക്കുക.

4) പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകുക.

5) ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പഠനപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുക

6) കുട്ടികളിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുക

7) സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുക.

8) ക്ലാസ് ലൈബ്രറികൾ പ്രയോജനപ്പെടുത്തുക.

9) പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് ബോധവാന്മാരാക്കുക.

10)



Scanned with OKEN Scanner

10) സ്കൂളിൽ നടക്കുന്ന മികവ് പ്രവർത്തനങ്ങൾ ആ ഗോത്രയിൽ എത്തിക്കുക.

11) ഭയരഹിതവും വിവേചന രഹിതവുമായ സ്കൂൾ അന്തരീക്ഷം കുട്ടിക്കു ഉറപ്പു വരുത്തുക.

12) ശിശു സൗഹൃദാന്തരീക്ഷം ഉറപ്പാക്കുക

13) അധ്യാപകർ, പഠന സാമഗ്രികൾ, സ്കൂൾ കെട്ടിടം കുടിവെള്ള സൗകര്യം ശുചിത്വമുള്ള ടോയ്‌ലെറ്റ് തുടങ്ങിയ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വിദ്യാലയത്തിൽ ഉറപ്പാക്കുക.

14) ഓരോ കുട്ടികളുടെയും പഠന ശേഷി വിലയിരുത്തുകയും പഠന സഹായം നൽകുകയും ചെയ്യുക.

15) മാതാപിതാക്കളുമായി നിരന്തരം ബന്ധപ്പെട്ട് കുട്ടികളുടെ പഠന ശേഷി, പഠന പുരോഗതി പങ്കുവെയ്ക്കുക.

16) കുട്ടികൾക്ക് കൗൺസലിംഗ് സൗകര്യം ഉണ്ടാക്കുക

17) വായനശാലകളും, ലാബട്ടറികളും ആധുനികരിക്കുക

18 അധ്യാപക, രക്ഷകർതൃ സംഘടനകൾ, പൂർവ്വ-വിദ്യാർത്ഥി സംഘടകൾ എന്നിവരുടെ സഹകരണത്തോടെ ആലോചിതമായ വികസനം ഉറപ്പാക്കുക



Scanned with OKEN Scanner

19) പ്ലാസ്റ്റിക് വിമുക്ത വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കുക

20) മുഴുവൻ രക്ഷകർത്താക്കളെയും വിദ്യാലയത്തിലേക്ക് ആകർഷിക്കുക. സ്വന്തം കുട്ടിയുടെ കഴിവുകൾ തിരിച്ചറിയാൻ സഹായിക്കുക.

21) അവധിവാരിൽ വായന ശീലം വളർത്തുക കുട്ടിയെ സഹായിക്കുവാൻ രക്ഷിതാവിനെ പ്രാപ്തനാക്കുക. കുട്ടിയും രക്ഷിതാവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുക.

22) കെട്ടിടങ്ങൾ ആകർഷകമാക്കുക

23) Clean School ആശയം നടപ്പാക്കുക.

24) മുഴുവൻ കുട്ടികൾക്കും പങ്കാളിത്തമുള്ള പ്രവർത്തന പദ്ധതി ആവിഷ്കരിക്കുക.

25) വിദ്യാലയത്തിന്റെ ഗുണനിലവാരമികവ് സമൂഹമാധ്യമങ്ങളിൽ എത്തിക്കുക

26) പൊതു വിദ്യാലയങ്ങൾ സാമൂഹ്യവത്കരിക്കുക മികവിന്റെ കേന്ദ്രങ്ങളാക്കുക

27) നല്ലപാഠം പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ നല്ല ശീലങ്ങൾ വളർത്തുക, സഹായ മനോഭാവം വളർത്തുക.

Scanned with OKEN Scanner

# പ്രതിസന്ധികൾ/ പരിമിതികൾ

→ സ്കൂൾ കെട്ടിടം

→ ക്ലാസ് മുറികൾ

→ സ്കൂൾ ചുറ്റുമതിൽ

→ കളിസ്ഥലം

→ കമ്പ്യൂട്ടർ റൂം

→ ഡൈനിംഗ് റൂം

→ കുട്ടികളുടെ പാർക്ക്

→ ജൈവ വൈവിധ്യ ഉദ്യാനം

→ ഓഡിറ്റോറിയം

→ നഴ്സറി കുഞ്ഞുങ്ങൾക്കുള്ള കളിയുപകരണം

→ ലൈബ്രറി റൂം

→ കായിക- പരിശീലന ഉപകരണങ്ങൾ

→ അധ്യാപകർക്ക് ഷെൽഫുകൾ

→ സ്മാർട്ട് ക്ലാസ് റൂം

Scanned with OKEN Scanner

# അക്കാദമിക പ്രവർത്തനങ്ങൾ

## ആമുഖം

കേരളത്തിലെ മുഴുവൻ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളും മെച്ചപ്പെടുത്തുക. പൊതുവിദ്യാഭ്യാസത്തെ പ്രയോജനപ്പെടുത്തുക. എന്ന ലക്ഷ്യത്തോടെ അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം കുട്ടികളുടെ സമഗ്ര വികസനമാണ് എന്നും വിദ്യാഭ്യാസം മനുഷ്യനെ മനുഷ്യനാക്കി മാറ്റുക എന്നതാണെന്നും സമൂഹം അറിയണം.

വിദ്യാഭ്യാസത്തിന്റെ ഭൗതിക അക്കാദമിക സാംസ്കാരിക ഭാവങ്ങളെ കാലത്തിനനുസരിച്ചും മാറ്റിയെടുക്കണം. സുസ്ഥിരമായ ഒരു വിദ്യാഭ്യാസത്തെ നാം ഏറ്റെടുക്കണം

വിദ്യാലയ വികസന പദ്ധതികൾ തയ്യാറാക്കുമ്പോൾ അക്കാദമിക മികവിനായിരിക്കണം പ്രാധാന്യം ചെറുതും വലുതുമായ ഒട്ടേറെ പ്രവർത്തനങ്ങൾ ഓരോ മാസവും ഏറ്റെടുത്ത് ചെയ്യുന്നു

മുഴുവൻ കുട്ടികൾക്കും അറിവിന്റെ ഉയർന്ന തലങ്ങളിലേക്ക് എത്താൻ സഹായകമായ പഠനാവസരങ്ങൾ ആസൂത്രണം ചെയ്യുന്നു



Scanned with OKEN Scanner

ക്ലാസ് അന്തരീക്ഷം അക്കാദമിക ഉണർവിന്റെ തെളിവുകളാൽ സമൃദ്ധമാകണം. കുട്ടികളുടെ പഠന തെളിവുകൾ, റഫറൻസ് ചാർട്ടുകൾ, പഠനോപകരണ പതിപ്പുകൾ, പഠനവും ആയി ബന്ധപ്പെട്ട് സാമഗ്രികൾ പഠന നോട്ടുകളുടെ ലിസ്റ്റ് തുടങ്ങിയവ അക്കാദമിക പ്രവർത്തനങ്ങളിൽ ആസൂത്രണം ചെയ്യണം

## ഭാഷ

## ആമുഖം

ഭാഷ ആർജ്ജിക്കുവാനും ആശയ വിനിമയം നടത്താനുമുള്ള ജന്മസിദ്ധമായ കഴിവ് മനുഷ്യനുണ്ട് ജന്മസിദ്ധമായ ചിന്താശേഷിക്കൊപ്പം ഭാഷാപഠനശേഷിക്കും ഉൾപ്പെടുത്തിയാണ് ഓരോ കുട്ടിയും പഠിക്കുന്നത് ആശയ സ്വീകരണത്തിന് ശ്രവണം എന്ന ശേഷിയും ആശയ പ്രകാശനത്തിന് ഭാഷണം എന്ന ശേഷിയും പ്രയോജനപ്പെടുത്തുന്നു. വായന, എഴുത്ത് എന്നീ ശേഷികളും പ്രയോഗത്തിലൂടെയാണ് നേടുന്നത്. വായന അറിവും അനുഭവവും നൽകുന്ന പ്രക്രിയയാണ് സ്കൂൾ തലത്തിൽ വായന വളരുന്നു. പാഠ പുസ്തകങ്ങൾക്കുപുറം കുട്ടികളുടെ വായനശീലം അധ്യാപകർ വികസിപ്പിച്ചെടുക്കണം

# ലക്ഷ്യങ്ങൾ

→ മുഴുവൻ കുട്ടികളിലും വായനാശീല വളർത്തുക

→ വായനയിലൂടെ നേടിയ അറിവുകൾ പ്രകടിപ്പിക്കാൻ അവസരം നൽകുക

⇒ രക്ഷിതാക്കൾക്ക് വായനയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുക

Scanned with OKEN Scanner

| ക്ര.നമ്പർ | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിലുള്ള) | 1. pre-test<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7 വാക്യങ്ങൾ നിർമ്മിക്കുക<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥപറയൽ<br>10 ചിത്രം - കഥ എഴുതൽ<br>11. കഥ = ബാക്കി എഴുതൽ<br>12. കഥാ പുസ്തകം നൽകൽ<br>13. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്. | 2. മാസം ആഗസ്റ്റ്-സെപ്തംബർ | പുസ്തകങ്ങൾ | BRC<br>DIET<br>SCERT<br>PTA<br><br>BRC<br>IED<br>Trainer<br>PTA |

| | | | | | |
|---|---|---|---|---|---|
| 2. | കുട്ടികളെ മികച്ച വായനക്കാരനാക്കുക (വായനക്കൂട്ടം) | 1. ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ<br>2 വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>4. സമീപ ഗ്രന്ഥശാല അംഗത്വം<br>5. വായനോത്സവം സംഘടിപ്പിക്കൽ<br>6. പത്രവായന<br>7 സ്കൂൾ സഭ, ബാലസഭ<br>8. ദിനാചരണങ്ങൾ<br>9. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും | 6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>പത്രങ്ങൾ<br>പുസ്തകങ്ങൾ<br>കുട്ടികൾ | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>PTA<br>BRC |

Scanned with OKEN Scanner

# മധ്യകാല പ്രവർത്തനങ്ങൾ

1. ഗണിത ചരിത്രത്തിന്റെ പ്രാധാന്യവും ഗണിത ശാസ്ത്രജ്ഞന്മാരുടെ ജീവ ചരിത്രവും കുട്ടികളുമായി പങ്കുവെയ്ക്കുക.

2 ICT സാധ്യതകൾ

3. രക്ഷിതാക്കൾക്ക് ക്ലാസ് നൽകുന്നു.

4. പഠനോപകരണങ്ങൾ ആവശ്യമായവ കണ്ടെത്തുന്നു

5. ഗണിത മാഗസിൻ - ഗണിതാശയങ്ങൾ, പ്രശ്നങ്ങൾ, പാറ്റേണുകൾ, ചിത്രങ്ങൾ ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ, സമകാലിക സംഭവങ്ങൾ, എന്നിവ ഉൾപ്പെടുത്തി ക്ലാസ് തലത്തിലും, സ്കൂൾ തലത്തിലും മാഗസിൻ തയ്യാറാക്കി ഉപജില്ല മത്സരത്തിൽ സമർപ്പിക്കുന്നു.

6. ഗണിത പ്രോജക്ട് - അന്വേഷണാത്മകമായി അപഗ്രഥിച്ച് കണ്ടെത്താവുന്ന പ്രോജക്ടുകൾ വ്യക്തിഗതമായും ഗ്രൂപ്പും കണ്ടെത്തി അതാത് ക്ലാസുകൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ഗണിത ക്ലബ്ബിലെ കുട്ടികൾ ശേഖരിക്കുന്നു.

7. ഉത്തരപ്പെട്ടി - ഗണിത പ്രശ്നങ്ങൾ, സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു.

8. മനക്കണക്ക് - സ്കൂളിൽ/ ക്ലാസിൽ പൊതുവായി ചോദ്യം ഉന്നയിക്കുന്നു മനസ്സിൽ മാത്രം വെച്ച് നിശ്ചിത സമയത്തിനുള്ളിൽ ഉത്തരം കണ്ടെത്തുന്നു

Scanned with OKEN Scanner

# ദീർഘകാല പ്രവർത്തനങ്ങൾ

1) ഗണിതലാബ്- ഗണിത റഫറൻസ് ബുക്കുകൾ വർക്കിങ് മോഡൽ, ചുവർ ഗണിത ചിത്രങ്ങൾ പ്ലാസ്റ്റിക് ഉപകരണങ്ങൾ, അബാക്കസ്, ജ്യാമിതീയ രൂപങ്ങൾ എന്നിവ അതാത് ക്ലാസുകൾക്ക് അനുയോജ്യമായത് ചിട്ടപ്പെടുത്തുക.

2) ഗണിത നാട്ടറിവ്- പുരാതന വസ്തുക്കൾ, പരമ്പരാഗത തൊഴിലാളികൾ, മരപ്പണിക്കാർ, ലോഹപ്പണിക്കാർ, എന്നിവരുമായി അഭിമുഖം/ ചർച്ച



Scanned with OKEN Scanner

# പരിസരപഠനം

## ആമുഖം

മനുഷ്യൻ ഇന്നുവരെ നേടിയ അനുഭവങ്ങളുടെ ആകെത്തുകയാണ് ശാസ്ത്രം. ഒരു വ്യക്തിക്കുണ്ടാകുന്ന അനുഭവം അതേ സാഹചര്യത്തിൽ മറ്റ് വ്യക്തികൾക്കും ഉണ്ടാകുന്നുവെങ്കിൽ അവ ശാസ്ത്രത്തിന്റെ പരിധിയിൽ വരുന്നു. മുന്നറിവുകളുടെ അടിസ്ഥാനത്തിൽ ശരിയായി നടത്തുന്ന വിശകലനം ശാസ്ത്രീയ അറിവിന്റെ നിർമ്മിതിയിലേക്ക് നയിക്കും. നിർമ്മിക്കപ്പെടുന്ന ഓരോ അറിവും അടുത്ത അന്വേഷണത്തിലേക്കുള്ള വാതിലുകളാണ്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും പ്രയോഗിക്കപ്പെടേണ്ട ഒന്നാണ് ശാസ്ത്രത്തിന്റെ രീതി. പരിസരപഠനത്തിൽ, ശാസ്ത്രപഠനവും സാമൂഹ്യശാസ്ത്ര പഠനവും ഇഴയും പാവും പോലെ പരസ്പരബന്ധിതമാണ്. പരിസരപഠനം കൊണ്ട് നാം ഉദ്ദേശിക്കുന്നത് അറിവിന്റെ ഉൽപാദനവും നേടിയ അറിവുകൾ വ്യാഖ്യാനിക്കുവാനും അത് ജീവിതഭാഗമായി മാറ്റാനും കഴിയുക എന്നതാണ്. സാമൂഹ്യജീവിതത്തിൽ ഫലപ്രദമായി ഇടപെട്ടുകൊണ്ട് മാത്രമേ മഹത്തായ നാടിനെ സൃഷ്ടിക്കാൻ കഴിയുകയുള്ളൂ. മനുഷ്യനും, മനുഷ്യനും തമ്മിലും, മനുഷ്യനും സമൂഹവും തമ്മിലും, മനുഷ്യ പ്രകൃതിയും തമ്മിലും ഉള്ള പാരസ്പര്യം കണ്ടെത്തുന്നതിനുള്ള അവസരം പരിസരപഠനത്തിലൂടെ ലഭ്യമാകണം.

Scanned with OKEN Scanner

# ലക്ഷ്യങ്ങൾ

1. കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം, എന്നിവ പരിപോഷിപ്പിക്കുക
2. ചുമർ പാട്ടുകളെ ശാസ്ത്രീയമായി വ്യാഖ്യാനിക്കുവാൻ കഴിയുക
3. പ്രകൃതി പ്രതിഭാസങ്ങളെ വിശകലനം ചെയ്യുക.
4. പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക
5. പ്രകൃതിയുമായുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേക പൂർവ്വമാക്കുക.
6. സ്വായത്തമാക്കിയ അറിവ് ജീവ ജാലങ്ങളുടെ നന്മക്കായി വിനിയോഗിക്കുക.
7. പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയുക.
8. ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക.
9. നാടിന്റെ നേട്ടങ്ങളിൽ അഭിമാനിക്കുക, പങ്കാളികളാകുക.
10. ശാസ്ത്ര നേട്ടങ്ങൾക്കുവേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തുക



Scanned with OKEN Scanner

## നൽകുന്ന/ നടത്താവുന്ന പ്രവർത്തനങ്ങൾ

### ഹ്രസ്വകാല പ്രവർത്തനങ്ങൾ

### 1. നിരീക്ഷണം

ചുറ്റുപാടിലുള്ള സസ്യങ്ങൾ, വീടുകൾ, പരിസരം ജീവികൾ, സസ്യത്തിന്റെ ഭാഗങ്ങൾ, വിത്തുമുളക്കുന്ന ഘട്ടങ്ങൾ, ജീവികളുടെ സഞ്ചാരരീതി, മഴക്കുശേഷം പ്രകൃതിയിലുണ്ടാകുന്ന മാറ്റങ്ങൾ, കുളം

### 2 വർഗ്ഗീകരണം

സസ്യങ്ങൾ, പൂക്കൾ, ആകൃതി, വലുപ്പം, നിറം, മണം, ആഹാര സാധനങ്ങൾ, ജീവികൾ- ജീവനുള്ളത്, അല്ലാത്തത് ജീവികളുടെ സഞ്ചാരരീതി, തൊഴിലുകൾ, വിവിധതരം വീടുകൾ

### 3 തരംതിരിക്കൽ

സസ്യങ്ങൾ- പ്രത്യേകതകൾ, ഭക്ഷണമായി ഉപയോഗിക്കുന്ന ഭാഗങ്ങൾ, വേരുപടലം, സിരാ വിന്യാസം, വളർത്തു ജീവികൾ അവയെക്കൊണ്ടുള്ള ഉപകാരങ്ങൾ, സസ്യാഹാരികൾ, മാംസാഹാരികൾ, മിശ്രാഹാരികൾ എന്നിങ്ങനെ തരം തിരിക്കൽ

### 4 പട്ടികപ്പെടുത്തൽ

1. വളർത്തു ജീവികൾ അവയുടെ സവിശേഷതകളും ഉപകാരങ്ങളും
2. സഞ്ചാരരീതികൾ അനുസരിച്ച് പട്ടികപ്പെടുത്തുന്നു
3. നമുക്ക് ചുറ്റും വിവിധതരം തൊഴിലുകൾ ഉണ്ടെന്ന് പട്ടികപ്പെടുത്തുന്നു
4. ലഘുപരീക്ഷണങ്ങൾ.



Scanned with OKEN Scanner

5 പ്രോജക്ടുകൾ

6. ഫീൽഡ് ട്രിപ്പുകൾ

7. പതിപ്പ് തയ്യാറാക്കൽ

8. ജൈവ പച്ചക്കറികൃഷി

9. മാതൃക നിർമ്മാണം

10. ശേഖരണം

11. കൊളാഷ് നിർമ്മാണം

12 ഔഷധ സസ്യ- ശേഖരണം

13 ദിനാചരണം

## മധ്യകാല പ്രവർത്തനങ്ങൾ

1. ലോകപരിസ്ഥിതി ദിനമായ ജൂൺ 5 ന് പരിസ്ഥിതി ദിന സന്ദേശം, പരിസര ശുചീകരണം, വൃക്ഷത്തൈ നടീൽ, വൃക്ഷത്തൈ വിതരണം, പരിസ്ഥിതിയുമായി ബന്ധപ്പെട്ട ചിത്രരചന പോസ്റ്റർ രചന, എന്നിവ നടത്തുന്നു
2. 1. മുതൽ 4 വരെ ക്ലാസിലെ എല്ലാ കുട്ടികൾക്കും പരീക്ഷണം ചെയ്യാൻ അവസരം
3. കൃഷിരീതി- നിരീക്ഷിക്കുക, മനസിലാക്കുക.
4. നെൽകൃഷി സന്ദർശനം
5. കർഷകർ, കൃഷി ഓഫീസർ എന്നിവരുമായി അഭിമുഖം
6. ദിനാചരണങ്ങളോടനുബന്ധിച്ച് വിവിധ മത്സരങ്ങൾ
7. മരം നട്ടുപിടിപ്പിക്കൽ
8. മഴക്കുഴി നിർമ്മാണം
9. പരിസ്ഥിതി പ്രവർത്തകരെ പരിചയപ്പെടൽ
10. ജലസ്രോതസ്സുകൾ സന്ദർശനം



Scanned with OKEN Scanner

## ദീർഘകാല പ്രവർത്തനങ്ങൾ

1. മുഴുവൻ കുട്ടികളെയും പരിസ്ഥിതി പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.
2. പരിസ്ഥിതി പ്രവർത്തനം, സംരക്ഷണം ഇവയ്ക്ക് പ്രോത്സാഹനം നൽകുക.
3. ശാസ്ത്രബോധം വളർത്തുന്നതിന് ലഘുപരീക്ഷണങ്ങളിലൂടെ കുട്ടി ശാസ്ത്രജ്ഞരെ വളർത്തിയെടുക്കുക.
4. കാർഷിക സെമിനാർ, കർഷകരെ ആദരിക്കൽ
5. ഓരോ വർഷവും നട്ട സസ്യങ്ങളിൽ എത്രയെണ്ണം നശിച്ചുവെന്നും നശിക്കാനിടയായ സാഹചര്യങ്ങളും കുട്ടികൾ രേഖപ്പെടുത്തുന്നു.
6. പഠനയാത്ര

* കൃഷി (വാഴ കൃഷി) വാഴത്തോട്ടത്തിലേക്കൊരു യാത്ര
  വാഴകൃഷിയുടെ ഘട്ടങ്ങൾ
* വീട് നിർമാണം, വീടിന്റെ ആവശ്യകത, വീടുകൊണ്ടുള്ള പ്രയോജനങ്ങൾ, വീട്ടിലെ മുറികൾ വീട് നിർമാണ ഘട്ടങ്ങൾ, തീം
* പൂന്തോട്ട സന്ദർശനം — കരയിൽ വളരുന്ന ചെടികൾ വെള്ളത്തിൽ വളരുന്ന ചെടികൾ.
* പൂക്കൾ - വേരുകൾ

മണം / നിറം / വലുത്. / ചെറുത്



Scanned with OKEN Scanner

# ENGLISH

## ആമുഖം

മലയാളം പോലെ തന്നെ കുട്ടികൾ, ഇംഗ്ലീഷിലും സംസാരിക്കാനും, എഴുതാനും, വായിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കണം, ഇംഗ്ലീഷ് ഭാഷയിലുള്ള കുട്ടികളുടെ പ്രാവിണ്യം വളർത്തിയെടുക്കേണ്ടത് അത്യാവശ്യമാണ്. ഇംഗ്ലീഷ് പഠനത്തിന്റെ നിലവാരം ഉയർത്താതെ മുന്നോട്ട് പോകാൻ കഴിയില്ലെന്ന വസ്തുത കർത്താക്കളും തിരിച്ചറിഞ്ഞു കഴിഞ്ഞു.

## ലക്ഷ്യങ്ങൾ

* ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാൻ സാധിക്കുക.
* കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയോടുള്ള ഭയം മാറ്റുക.
* ഇംഗ്ലീഷ് പഠനത്തിൽ താൽപര്യം ജനിപ്പിക്കുക.
* പ്രീ-പ്രൈമറിയിൽ ഇംഗ്ലീഷ് പാട്ടുകൾ, കഥകൾ കേൾക്കാനും കളികളിലേർപ്പെടാനുമുള്ള അവസരം ഉണ്ടാക്കുക.
* ഒന്നാം ക്ലാസിൽ പാഠപുസ്തക പ്രവർത്തനങ്ങൾക്ക് പുറമെ ചെറിയ കഥകൾ വായിക്കുവാൻ പ്രാപ്തരാക്കുക
* സ്കൂൾ അസംബ്ലിയിൽ അതിനെക്കുറിച്ച് പറയാൻ പ്രാപ്തരാക്കുക



Scanned with OKEN Scanner

നൽകുന്ന/ നൽകാവുന്ന പ്രവർത്തനങ്ങൾ.

ഹ്രസ്വകാല പ്രവർത്തനങ്ങൾ

- ⇒ അക്ഷരങ്ങൾ, പദങ്ങൾ, വാക്യങ്ങൾ ഇവ പരിചയപ്പെടുത്തൽ
- ⇒ പ്രീ- ടെസ്റ്റ്
- ⇒ ആക്ഷൻ സോങ്ങ്
- ⇒ ഗ്രൂപ്പ് സോങ്ങ്
- ⇒ Language games
- ⇒ Story telling

മധ്യമകാല പ്രവർത്തനങ്ങൾ

- → Reading competition
- ⇒ English poster
- ⇒ Conversation
- ⇒ Cartoon
- ⇒ Audio video clip
- ⇒ Spoken English class
- ⇒ Englis Quiz
- ⇒ Story telling



Scanned with OKEN Scanner

## ദീർഘകാല പ്രവർത്തനങ്ങൾ

* Public Speaking
* Drama
* News reading
* Recitation
* Speech
* English school assembly
* English day

### നേട്ടങ്ങൾ

* ഭൂരിഭാഗം കുട്ടികൾക്കും നിലവാരത്തിനനുസരിച്ച് ഇംഗ്ലീഷിൽ എഴുതാനും വായിക്കാനും സാധിച്ചു
* ദിനാചരണങ്ങളുടെ ഭാഗമായി ഇംഗ്ലീഷ് പോസ്റ്ററുകൾ തയ്യാറാക്കുന്നു.
* കുട്ടികൾ English Dictionary ഉപയോഗം ചെയ്യാൻ പഠിച്ചു
* ഇംഗ്ലീഷ് സ്കൂൾ അസംബ്ലി നടത്തുവാൻ കുട്ടികൾ തീരുമാനിച്ചു. പഠിച്ചു
* ഇംഗ്ലീഷിൽ കഥ പറയുവാൻ പഠിച്ചു.
* ഇംഗ്ലീഷിലുള്ള സംഭാഷണം കുട്ടികൾ മനസിലാക്കുന്നു
* ഇംഗ്ലീഷിൽ ന്യൂസ് റീഡിംഗ് നടത്താൻ സാധിക്കുന്നു.
* Spoken english class-കൾ മൂലം English സംസാരിക്കുവാൻ പഠിക്കുന്നു.

Scanned with OKEN Scanner

## കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

* കുട്ടികളുടെ സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി വളർത്താനും, വികസിപ്പിക്കുവാനും ആവശ്യമായ അവസരങ്ങൾ പഠന പ്രവർത്തനങ്ങളുടെ ഭാഗമായും സവിശേഷ സന്ദർഭങ്ങൾ ഒരുക്കിയും വികസിപ്പിക്കുന്നു.
* സംഗീതം, ചിത്രം തുടങ്ങിയ കലകളിലും സർഗ്ഗാത്മക രചനയിലുമുള്ള വാസന കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
* കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരം ഒരുക്കുക.
* സംഗീതം, നൃത്തം, ഇവയുടെ പരിശീലനം സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുന്നതിനായി വിദ്യാരംഗം, കലാസാഹിത്യ വേദി, ബാലസഭ എന്നീ പരിപാടികൾ സംഘടിപ്പിക്കുന്നു.
* കലോത്സവ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുക.
* സ്വതന്ത്ര ചിത്രരചനയ്ക്ക് അവസരം നൽകുന്നു
* പഠ്യേതര വിഷയങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
* കായികപരമായ കഴിവുകൾ കണ്ടെത്തുന്നതിന് പാഠഭാഗവുമായി ബന്ധപ്പെട്ട കായിക പ്രവർത്തനങ്ങൾ നടത്തുകയും ഉപജില്ലാ കായിക മേളയിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും ചെയ്യുന്നു
* സ്പോർട്സ് കളികൾ- മത്സരങ്ങൾ എന്നിവ നടത്തി സമ്മാനങ്ങൾ നൽകുന്നു.

Scanned with OKEN Scanner

## വിലയിരുത്തൽ

പൊതുവിദ്യാലയത്തിൽ പഠിക്കുന്ന കുട്ടികൾ അവരവരുടെ ക്ലാസുകൾക്ക് അനുസൃതമായ പഠനനിലവാരം കൈവരിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും അതു രക്ഷകർത്താക്കളെ ബോധ്യപ്പെടുത്തുകയും വേണം.

പഠനം എന്നത് കുട്ടികളിൽ സ്വാഭാവികമായും നിരന്തരമായും നടക്കുന്ന പ്രക്രിയയാണ് എന്നാൽ പഠനം ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള വിലയിരുത്തലിനാണ് കൂടുതൽ പ്രാധാന്യം

I, II ക്ലാസുകളിൽ യൂണിറ്റിലെ പഠനപ്രവർത്തനങ്ങൾ, പരസ്പരബന്ധങ്ങളോടെയും III, IV ക്ലാസുകളിൽ വിഷയബന്ധിതമായുമാണ് പഠനപ്രവർത്തനങ്ങൾ നൽകിയിരിക്കുന്നത്.

കുട്ടിയുടെ വാചികമായ വിലയിരുത്തൽ, ക്വിസ് പ്രോഗ്രാം, ഓപ്പൺ ബുക്ക് വിലയിരുത്തൽ ചോദ്യങ്ങൾ തയ്യാറാക്കലും ഉത്തര സൂചിക കണ്ടെത്തലും, പുതിയ രചനകൾ എന്നിവ വിലയിരുത്തുന്നു.

വിലയിരുത്തൽ രണ്ടു രീതിയിലാണ് ക്ലാസിൽ കുട്ടികൾ നൽകുന്ന പഠനപ്രവർത്തനങ്ങളിലെ പങ്കാളിത്തം മനസിലാക്കുന്നതിനുള്ള നിരന്തര വിലയിരുത്തലും, പാഠഭാഗങ്ങളുടെ ടേം വിലയിരുത്തലും വിലയിരുത്തലിലൂടെ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി മുഖ്യധാരയിലെത്തിക്കാൻ സാധിക്കും



Scanned with OKEN Scanner

. കുട്ടിയുടെ കലാപരമായ കഴിവുകൾ [സംഗീതം നൃത്തം, അഭിനയം]

: കായികമായ കഴിവുകൾ [സ്പോർട്സ് കായിക മേള]

. ആരോഗ്യപരമായ കഴിവുകൾ [ആരോഗ്യം, ശുചിത്വം]

. പ്രവൃത്തിപരിചയ മേഖല [നിർമ്മാണം]

എന്നീ മേഖലകളും വിലയിരുത്തുന്നു.

* ഇവർ, ആദ്യവാരം നിശ്ചിത ശേഷികൾ. ആർജ്ജിക്കാത്ത കുട്ടികളെ കണ്ടെത്തി.

* വായനകാർഡുകൾ, ബാലമാസികകൾ എന്നിവ പ്രയോജനപ്പെടുത്തി ഇവർക്ക് അരമണിക്കൂർ അധിക ക്ലാസ് നടത്തി

* കുട്ടികളിലുണ്ടായ പുരോഗതി ~~[illegible]~~ വിലയിരുത്തി വായിക്കുവാൻ കഴിയുന്നവർ, അക്ഷരങ്ങൾ തിരിച്ചറിയുന്നവർ, വാക്യങ്ങൾ തിരിച്ചറിയുന്നവർ എന്നിങ്ങനെ തരംതിരിച്ചു.

* വായന സാമഗ്രി ഉപയോഗിച്ച് വായനയ്ക്കും എഴുത്തിനും അവസരം നൽകി.

* ഓരോ ക്ലാസിലും ലക്ഷ്യമിടുന്ന പാഠഭാഗങ്ങൾ യഥാസമയം കണ്ടെത്തി പൂർത്തീകരിക്കുന്നതിനും നിർദ്ദിഷ്ട ശേഷികൾ ആർജ്ജിച്ചു എന്ന് ഉറപ്പുവരുത്തുന്നതിന് വിലയിരുത്താൻ നടത്തണം.

* എല്ലാ കുട്ടികളിലും കൈവരിക്കേണ്ട ശേഷികൾ നേടിയിട്ടുണ്ട് എന്ന് ഉറപ്പു വരുത്തണം



Scanned with OKEN Scanner

# അക്കാദമിക നേട്ടങ്ങൾ

* വിദ്യാലയ മികവുകൾ സമൂഹത്തിന്റെ ശ്രദ്ധയിലെത്തിക്കുന്നത് വിദ്യാലയവും സമൂഹവുമായുള്ള ബന്ധത്തിന് കരുത്ത് നൽകും. സമൂഹം അംഗീകാരം കുട്ടികൾക്കും അധ്യാപകർക്കും പ്രചോദനമാകും.

* സ്കൂളിന്റെ ഭൗതികവും, അക്കാദമികവുമായ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികളിൽ രക്ഷിതാക്കളുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും, പൂർവ്വ അധ്യാപികരുടെയും സജീവ പങ്കാളിത്തത്തോടെ പൂർവ്വ വിദ്യാർത്ഥി- അദ്ധ്യാപക സംഗമങ്ങളും നടത്തുകയും സ്കൂൾ വികസന സമിതി രൂപീകരിക്കുകയും ചെയ്തു.

* ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ജൈവ പച്ചക്കറി കൃഷി തുടങ്ങി. പച്ചക്കറി കൃഷിയിലൂടെ ലഭിക്കുന്ന വിഷരഹിതമായ പച്ചക്കറികൾ ഉച്ചഭക്ഷണത്തിനായി ഉപയോഗിക്കുന്നു

* വിവിധ സംഘടനകളുടെ സഹായത്തോടെ സ്കൂളിൽ ദിനപത്രം ലഭിച്ചു.

* PTA സമ്മേളനത്തിൽ രക്ഷിതാക്കളുടെ പൂർണ്ണമായ പങ്കാളിത്തം ഉറപ്പാക്കി

* ലോക പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് വൃക്ഷത്തൈ നടീൽ, വൃക്ഷത്തൈ വിതരണം, എന്നിവ നടത്തി

* മുണ്ടേരിയും വ്യാപാരി വ്യവസായി ഏകോപന സമിതി DYFI പ്രവർത്തകർ എന്നിവർ കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി



Scanned with OKEN Scanner

# വിഭവ സമാഹരണ മാർഗങ്ങൾ

1. ഗ്രാമപഞ്ചായത്ത്

സ്കൂൾ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സഹായം ആവശ്യപ്പെടുന്നു

2. ജനപ്രതിനിധികൾ

സ്കൂൾ പുരോഗതിക്ക് ആവശ്യമായ സഹായം തേടുന്നു

3. മാധ്യമങ്ങൾ

കുട്ടികളുടെ വായനശേഷി വികസിപ്പിക്കുന്നതിനായി പത്രങ്ങൾ നൽകുന്നു

4. പൊതുസ്ഥാപനങ്ങൾ

ഹെൽത്ത് സെന്റർ - മെഡിക്കൽ ചെക്കപ്പ് നടത്തുന്നു. ശുചീകരണ വസ്തുക്കൾ നൽകുന്നു.

കൃഷിഭവനിൽ നിന്നും വിത്തുകൾ, വളം എന്നിവ ലഭിക്കുന്നു. ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നു.



Scanned with OKEN Scanner

# ശുചിത്വം

വിദ്യാർത്ഥി സൗഹൃദപരമായ പഠനാന്തരീക്ഷവും പഠന പരിസരവും വളർത്തിയെടുക്കാൻ അധ്യാപകർ, രക്ഷിതാക്കൾ, പൊതു സമൂഹം എന്നിവരുടെ സഹായം തേടണം.

* ഹരിത കേരളവുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ആശയം കുട്ടികളിലെത്തിക്കുക.
* പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം സന്ദേശം പ്ലാസ്റ്റിക് വിരുദ്ധ സന്ദേശം എന്നിവ ജനങ്ങളിൽ എത്തിക്കുക
* പ്ലാസ്റ്റിക് വിമുക്ത സന്ദേശം ഉൾക്കൊള്ളുന്ന കലാ പരിപാടികൾ അവതരിപ്പിക്കുക
* പരിസ്ഥിതി സംരക്ഷണ സന്ദേശം പ്രചരിപ്പിക്കുക.
* ജലസംരക്ഷണം ഉറപ്പാക്കുക
* ഡ്രൈ ഡേ ആചരിക്കുക
* ക്ലാസ്മുറികളിൽ വേസ്റ്റ് ബിൻ വയ്ക്കുക.
* വ്യക്തിശുചിത്വം, പരിസര ശുചിത്വം ഇവ പാലിക്കുക.
* കുട്ടികളുടെ ആരോഗ്യം, ശുചിത്വം, ശാരീരികവും മാനസികവുമായ സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുക
* കുട്ടികളെ ആരോഗ്യകരമായ ജീവിതത്തിന് പ്രാപ്തരാക്കുക
* ജൈവ - അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക



Scanned with OKEN Scanner

# മാലിന്യനിർമ്മാർജ്ജനം

ഇന്നു നാം അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നങ്ങളിലൊന്ന് പരിസരമലിനീകരണം. അതിൽ സ്കൂളിന്റെ പങ്ക് വലുതാണ്. ഈ കാര്യം കുട്ടികളെ ബോധ്യപ്പെടുത്തുന്നതിലൂടെ സമൂഹത്തിലും ചില മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും.

* പരിസ്ഥിതി പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക
* പരിസ്ഥിതി പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്ക് തിരിച്ചറിയാൻ കുട്ടികൾക്ക് അവസരം നൽകുക.
* പരിസ്ഥിതി സംരക്ഷണത്തിൽ വിദ്യാലയം സമൂഹത്തിന് മാതൃകയാകുക.
* പ്രകൃതിയെ നശിപ്പിക്കൽ, ജലസ്രോതസ്സുകളുടെ നാശം, ജലദൗർലഭ്യം, ജലം മലിനമാക്കൽ ഇവയ്ക്ക് പരിഹാരം കാണുക.
* മരം നട്ടുപിടിപ്പിക്കൽ, പരിസ്ഥിതി പ്രവർത്തകരെ പരിചയപ്പെടൽ എന്നിവ നടത്തുക.
* പരിസര ശുചീകരണത്തിന് PTA അംഗങ്ങളുടെ സഹായം തേടുക
* പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിതകർമസേനയ്ക്ക് നൽകുക.
* പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രകൃതിയിലേക്ക് വലിച്ചെറിയുന്നതിനു പകരം അതിന്റെ പുനരുപയോഗ സാധ്യതകൾ കണ്ടെത്തുക.



Scanned with OKEN Scanner

* നാട്ടിലെ പരിസ്ഥിതി മലിനീകരണം പ്രകൃതിയെ നശിപ്പിക്കൽ, പരിസ്ഥിതി ദൂഷണം, എന്നിവ കുട്ടികളിലൂടെ സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കുക.

* കുട്ടികളുടെ ആരോഗ്യം, ശുചിത്വം, ഭൗതികവും, മാനസികവുമായ സുരക്ഷിതത്വം എന്നിവർ അദ്ധ്യാപകർ ഉറപ്പുവരുത്തുക.

* മാലിന്യനിർമ്മാർജ്ജന പ്ലാന്റുകൾ നിർമ്മിക്കുക

* അടുക്കള മാലിന്യങ്ങൾ ബയോ- പ്ലാന്റുകൾ നിർമ്മിച്ച് അതിൽ നിക്ഷേപിക്കുക

* കുട്ടികളുടെ ഭക്ഷണാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിനായി വേസ്റ്റ് ബിൻ വെയ്ക്കുക.

* മാലിന്യം നിക്ഷേപിക്കുന്നതിനായി വേസ്റ്റ് കുഴി നിർമ്മിക്കുക.

* ജൈവ - അജൈവ മാലിന്യങ്ങൾ വേർതിരിച്ച് നിക്ഷേപിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക

* മാലിന്യം ഉറവിടത്തിൽ തന്നെ വേർതിരിക്കുന്നത് ഒരു ശീലമായും ജീവിതരീതിയായും സ്കൂൾ കാലഘട്ടത്തിൽ തന്നെ കുട്ടികൾ ശ്രമിക്കുക.

* മാലിന്യനിർമ്മാർജ്ജനം ഒരു സംസ്കാരമായി രൂപപ്പെടുത്തിയെടുക്കുക



Scanned with OKEN Scanner

# ക്ലാസ് പി.റ്റി.എ

ക്ലാസ് PTA

ഓരോ കുട്ടിയും നേടേണ്ട പഠനനേട്ടങ്ങൾ വിദ്യാലയം ഉറപ്പാക്കുന്നുണ്ട് എന്ന് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നതിനായി ക്ലാസ് PTA കൾ നടത്തുന്നു.

* ക്ലാസ് PTA ഓരോ മാസത്തിലും നടത്തണം
* കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ CPTA ൽ കൂടി പരിഹരിക്കുന്നതിന് അദ്ധ്യാപക-രക്ഷകർതൃ കൂട്ടായ്മ സഹായിക്കുന്നു.
* രക്ഷിതാക്കൾക്ക് ബോധ്യപ്പെടുന്ന തരത്തിൽ എല്ലാ വിഷയങ്ങളിലൂടെയും പഠനനേട്ടങ്ങൾ വിശദീകരിക്കുന്നു
* CPTA യിൽ കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തി പറയാൻ ഓരോ രക്ഷിതാവിനും അവസരം നൽകുന്നു.
* ഓരോ മാസത്തിലും ആദ്യവാരം CPTA യോഗം ചേരുകയും ആ മാസത്തിലെ പഠന പ്രവർത്തനങ്ങളും രക്ഷിതാവിന് നൽകേണ്ട പിന്തുണയും വിശദീകരിക്കുന്നു.
* കുട്ടി നേടാത്ത പഠനനേട്ടങ്ങൾക്ക് അദ്ധ്യാപകരും രക്ഷിതാക്കളും ചേർന്ന് പരിഹാര ബോധനം വേണ്ടിയ രൂപപ്പെടുത്തി
* കുട്ടികളുടെ രചനകൾ CPTA യിൽ പ്രദർശിപ്പിച്ചു.
* രക്ഷിതാക്കളുടെ പൂർണ്ണ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കി.



Scanned with OKEN Scanner

* കുട്ടികളുടെ പഠനപ്രവർത്തനങ്ങൾ അനായാസമാക്കുന്നതിന് CPTA യിലൂടെ സാധിക്കുന്നു.

* കുട്ടികളുടെ പഠനനേട്ടവും പഠനപിന്നോക്കാവസ്ഥയും യഥാസമയം രക്ഷകർത്താവിനെ ബോധ്യപ്പെടുത്തുകയും കൂട്ടായ ചർച്ചയിലൂടെ സാധ്യതകളും പ്രശ്നങ്ങളും കണ്ടെത്തി പരിഹരിക്കുവാൻ സാധിക്കുന്നു

* കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ സാധിക്കുന്നു.

* രക്ഷിതാക്കൾ സ്കൂളിൽ വരുന്നതിനോടൊപ്പം തന്നെ അധ്യാപകർ കുട്ടികളുടെ യഥാർത്ഥ പ്രശ്നങ്ങളും സാധ്യതകളും മനസിലാക്കാൻ ഓരോ വിദ്യാർത്ഥികളുടെയും വീടും, പ്രദേശവും സന്ദർശിച്ചു.

* ഓരോ കുട്ടിയുടെയും പഠന പിന്നോക്കാവസ്ഥ അതിസംബോധന ചെയ്യാൻ കഴിയണം

* എന്റെ കുട്ടികളുടെ പഠനത്തിനും സംരക്ഷണത്തിനും ആയി ക്ലാസിലെ വിദ്യാലയത്തിലെ എല്ലാ അധ്യാപകരും പരമാവധി പ്രവർത്തിക്കുന്നുണ്ട് എന്ന ധാരണ രക്ഷകർത്താക്കൾക്ക് ഉണ്ടാവുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുക.



Scanned with OKEN Scanner

# ഭൗതിക ആവശ്യങ്ങൾ

## സ്കൂൾ കെട്ടിടം

* സ്കൂൾ കെട്ടിടത്തിന് പരിമിതമായ സൗകര്യങ്ങളാണുള്ളത്
* സ്റ്റാഫ് റൂം, ഗ്രീൻ റൂം എന്നിവ ആവശ്യമാണ്

## ക്ലാസ് മുറികൾ

* ക്ലാസ് മുറികൾക്ക് സൗകര്യം കുറവാണ്
* നഴ്സറി ക്ലാസുകൾ നടത്തുന്നതിന് സൗകര്യക്കുറവ്
* ക്ലാസ് മുറിയിൽ ലൈബ്രറി പുസ്തകങ്ങൾ വയ്ക്കാൻ സൗകര്യം, ഷെൽഫുകൾ ഇല്ല.

## ചുറ്റുമതിൽ

* ചുറ്റുമതിൽ പൂർണമായും ഇല്ല.

## കളിസ്ഥലം

* കളിസ്ഥലം ഉണ്ട്. പരിശീലനത്തിനുതകുന്ന രീതിയിലുള്ള സൗകര്യം കുറവ്
* കായിക പരിശീലനത്തിന് പരിശീലകരെ സ്പോൺസർ ചെയ്യുക
* കളി ഉപകരണങ്ങൾ നൽകുക.



Scanned with OKEN Scanner

## പാചകപ്പുര

* കുട്ടികൾക്ക് ആഹാരം കഴിക്കുവാനുള്ള ഡൈനിംഗ് ഹാൾ ആവശ്യമാണ്
* ആഹാരം കഴിക്കാൻ പാത്രങ്ങൾ ആവശ്യമാണ്

## ശുചിമുറി

* കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ശുചിമുറികൾ ഇല്ല.
* നിലവിലുള്ള ടോയ്‌ലെറ്റുകളുടെ ഭൗതികമായ പരിമിതികൾ പരിഹരിക്കുക.
* ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലെറ്റുകൾ നിർമ്മിക്കുക


Scanned with OKEN Scanner

## അടുത്ത അഞ്ച് വർഷം നേടാൻ ഉദ്ദേശിക്കുന്ന ഭൗതിക കാര്യങ്ങൾ

* സ്കൂൾ കെട്ടിടം ആകർഷകമാക്കുക.
* സ്കൂൾ ചുറ്റുമതിൽ പൂർണമാക്കുക
* കംപ്യൂട്ടർ, കംപ്യൂട്ടർ റൂം മെച്ചപ്പെടുത്തുക
* മാലിന്യ സംസ്കര പരിപാടികൾ
* പൂന്തോട്ടം
* പ്രഭാത ഭക്ഷണം ആവശ്യമുള്ള കുട്ടികൾക്ക് അത് ഒരുക്കി നൽകുന്നതിനാവശ്യമായ സൗകര്യം സാമ്പത്തികം എന്നിവ നൽകൽ
* പ്ലാസ്റ്റിക് രഹിത വിദ്യാലയം
* സംഗീതം, നൃത്തം എന്നീ കലാപരിശീലനത്തിനുള്ള പ്രത്യേക ഇടങ്ങൾ
* ക്ലാസ് മികവുകൾ പ്രദർശിപ്പിക്കുന്നതിനുള്ള സംവിധാനം
* കായിക പരിശീലനത്തിന് ആവശ്യമായ സ്ഥലം ഉപകരണങ്ങൾ
* കുട്ടികളുടെ പാർക്ക്

Scanned with OKEN Scanner

# അടുത്ത അഞ്ച് വർഷം നേടാൻ ഉദ്ദേശിക്കുന്ന അക്കാദമിക കാര്യങ്ങൾ

* വിദ്യാലയത്തെ സമൂഹവുമായി ബന്ധിപ്പിക്കൽ

[സമൂഹശ്രദ്ധ പിടിച്ചു പറ്റുന്ന അക്കാദമിക മൂല്യവും സാമൂഹ്യമൂല്യമുള്ള പ്രവർത്തനങ്ങൾ നടത്തുക

* സ്ഥാപന സന്ദർശനങ്ങൾ
  • പൊതുസ്ഥാപനങ്ങൾ സന്ദർശിക്കുക
  • പരിസ്ഥിതി പഠനാലയങ്ങൾ എന്ന തലത്തിലേക്ക് വിദ്യാലയത്തെ മാറ്റിയെടുക്കൽ

* വായന പ്രവർത്തനങ്ങൾ സജീവമാക്കുക
* സർഗാത്മക പ്രകടനത്തിന് അവസരമൊരുക്കുക

[സ്കൂൾ തലത്തിൽ രചന ക്ലാസുകൾ കുട്ടിയെഴുത്തുകാരെ പൊതുവേദികളിൽ അംഗീകരിക്കൽ]

* എല്ലാ കുട്ടികളെയും ICT നൈപുണിയുള്ളവരാക്കി മാറ്റി അവരുടെ സ്വയം പഠനശേഷി വികസിപ്പിക്കൽ
* സർഗവേളകൾ/ ബാലസഭകൾ ശക്തിപ്പെടുത്തൽ

[ക്ലാസ് മുറികളിൽ രൂപപ്പെടുന്ന ആവിഷ്കാര പ്രകടിത രൂപങ്ങളുടെ അവതരണം]

* വായന സാമഗ്രികൾ ഉപയോഗം വർദ്ധിപ്പിക്കുക.

[വായനകാർഡ് തയ്യാറാക്കൽ, വായനമൂല മെച്ചപ്പെടുത്തൽ, പഠനത്തിന്റെ ഭാഗമായി തൽസമയം ഉപയോഗിക്കൽ, ബാലസാഹിത്യ മാസികകൾ, കളിക്കുടുക്ക, ഡൈജസ്റ്റ്, പത്രം, എന്നിവ വായനമൂലയിൽ സ്പോൺസർ ചെയ്യിക്കുക.

Scanned with OKEN Scanner